LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരപ്പുഴ പദ്ധതി

37 [1723] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം പുരോഗമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ പദ്ധതി 2004 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കാഞ്ഞിരപ്പുഴ പദ്ധതി 2004 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ പ്രവർത്തനം പുരോഗമിച്ചുവരികയാണ്.

മങ്കട നിയോജകമണ്ഡലത്തിൽ പ്രവൃത്തി നടന്നുവരുന്ന ജലസേചന പദ്ധതികൾ

38 [1724] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തി നടന്നുവരുന്ന പുതിയ പ്രധാന ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നും എത്ര തുകയുടെ പദ്ധതികളാണെന്നും ഇവയുടെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും ഇതിലൂടെ എന്ത് നേട്ടം കൈവരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാവുകയും ടെണ്ടർ ക്ഷണിക്കുന്നിടംവരെ എത്തിനിൽക്കുകയും ചെയ്യുന്ന പ്രധാനപ്പെട്ട ഏതെല്ലാം പദ്ധതികളാണ് മങ്കട നിയോജകമണ്ഡലത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതികളുടെ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പണി ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?